## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2552** **05/11/2019-ൽ മറുപടിയ്ക്ക്**

# ജില്ലാ സഹകരണ ബാങ്കുകളിലെ അഡ്മിനിസ്ട്രേറ്റർ ഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ടി. ബൽറാം | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | പതിനാല് ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി 2017-ൽ ജില്ലാ ബാങ്കുകളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ച് വിട്ടിരുന്നോ; | (എ) യും (ബി) യും | 2017-ലെ കേരള സഹകരണ സംഘം (ഭേദഗതി) ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ അംഗത്വത്തിൽ ഭേദഗതി വരുത്തിയതിനെ തുടർന്ന് ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതിയുടെ ഘടനയിൽ മാറ്റം വരുകയും അന്ന് നിലവിലുണ്ടായിരുന്ന ഭരണ സമിതികൾ 10.04.2017-ന് ഇല്ലാതാവുകയുമുണ്ടായി.<br>മേൽ പരാമർശിച്ച പ്രകാരം ഭരണ സമിതികൾ ഇല്ലാതായതിനെ തുടർന്ന് ജില്ലാ സഹകരണ ബാങ്കുകളിൽ ഭരണ സ്തംഭനം ഒഴിവാക്കുന്നതിനായി സഹകരണ നിയമം വകുപ്പ് 33 പ്രകാരം 11.04.2017 മുതൽ അഡ്മിനിസ്ട്രേറ്റർമാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്നാണ് അവ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തി എത്ര കാലത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതി അധികാരത്തിൽ വരണമെന്നാണ് സഹകരണ നിയമത്തിൽ അനുശാസിക്കുന്നത്; വ്യക്തമാക്കുമോ; | (സി) | അഡ്മിനിസ്ട്രേറ്റർമാരുടെ ഭരണകാലാവധിക്കുള്ളിൽ തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതിയെ ചുമതലപ്പെടുത്തണമെന്ന് സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത നിയമത്തിനു വിരുദ്ധമായി രണ്ട് വർഷത്തിലേറെയായി അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുന്നത് ക്രമപ്രകാരമാണോ; എങ്കിൽ ഏത് വകുപ്പ് പ്രകാരമെന്ന് അറിയിക്കുമോ? | (ഡി) | ജില്ലാ സഹകരണ ബാങ്കുകളിലെ അഡ്മിനിസ്ട്രേറ്റർമാരുടെ തീരുമാനത്തിന്റേയും അപേക്ഷയുടേയും അടിസ്ഥാനത്തിൽ, 1969 - ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ജില്ലാ സഹകരണ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുന്നത്.<br>ആയതിനാൽ ജില്ലാ സഹകരണ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം തുടരുന്നത് ക്രമപ്രകാരമാണ്. |

സെക്ഷൻ ഓഫീസർ